"ഭരണഭാഷ-മാതൃഭാഷ"


ആസ്ഥാന കാര്യാലയം ജയിൽ
വകുപ്പ്, കേരളം
പൂജപ്പുര, തിരുവനന്തപുരം - 12
ഫോൺ : 0471-2342532
ഇമെയിൽ : keralaprisons@gov.in

തീയതി : 03-07-2019


Kerala Prisons &
Correctional Services


## സർക്കുലർ നം സർക്കുലർ നം . 30

ശാരീരിക രോഗദുരിതങ്ങളുള്ള തടവുകാർക്ക് സമയോചിതവും ഫലപ്രദവുമായ വൈദ്യപരിശോധനയും വൈദ്യചികിത്സയും ഉറപ്പാക്കുന്നതിനും ജയിലിലെ രോഗ-മരണനിരക്ക് കുറയ്ക്കുക എന്ന ലക്ഷ്യത്തോടെ ദേശീയ മനുഷ്യാവകാശ കമ്മീഷൻെറ കർശനമായ നിർദ്ദേശത്തെ തുടർന്ന് 2014 ഡിസംബർ മാസം മുതലാണ് ജയിലിൽ പ്രവേശിക്കപ്പെടുന്ന പ്രതികളുടെ നിശ്ചിതഫോറത്തിലുള്ള ഹെൽത്ത് സ്ക്രീനിംഗ് റിപ്പോർട്ട് നിർബന്ധമാക്കിയത്. എന്നാൽ സർക്കാർ ആശുപത്രികളിലെ മെഡിക്കൽ ഓഫീസറിൽ നിന്ന് ഉദ്യോഗസ്ഥർ സ്വീകരിച്ച് പ്രതികളോടൊപ്പം ജയിലിൽ ഹാജരാക്കുന്ന ഹെൽത്ത് സ്ക്രീനിംഗ് റിപ്പോർട്ടുകൾ ഭൂരിപക്ഷവും അപൂർണ്ണവും പ്രതികളുടെ യഥാർത്ഥ ആരോഗ്യാവസ്ഥ പ്രതിഫലിക്കുന്നതുമല്ല എന്ന ആക്ഷേപമുണ്ട്. എന്നാൽ താരതമ്യേന ഭേദപ്പെട്ട നിലയിൽ തയ്യാറാക്കപ്പെടുന്ന മെഡിക്കൽ റിപ്പോർട്ടുകളിൽ പരാമർശിക്കപ്പെടുന്ന ചികിത്സ സംബന്ധമായ പ്രത്യേക നിർദ്ദേശങ്ങൾ ശ്രദ്ധിച്ച് പ്രതികൾക്ക് തുടർചികിത്സ നൽകുന്ന കാര്യത്തിൽ പ്രതികളെ ജയിലിൽ പ്രവേശിപ്പിക്കുന്ന ഉദ്യോഗസ്ഥർ മതിയായ ജാഗ്രത കാട്ടുന്നില്ല എന്നത് വസ്തുതയാണ്. ആയതിനാൽ താഴെ പറയുന്ന നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

1. പുതിയതായി ജയിലിൽ പ്രവേശിപ്പിക്കപ്പെടുന്ന എല്ലാ പ്രതികളുടെയും ഹെൽത്ത് സ്ക്രീനിംഗ് റിപ്പോർട്ടുകളുടെ ഉള്ളടക്കം കൃത്യമായി ഒരു രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

2. ഹെൽത്ത് സ്ക്രീനിംഗ് റിപ്പോർട്ടിലെ തുടർ ചികിത്സ സംബന്ധമായ നിർദ്ദേശങ്ങൾ കാലവിളംബം കൂടാതെ പാലിക്കേണ്ടതാണ്.

3. ഒരു പ്രതിയുടെ ശാരീരിക ബുദ്ധിമുട്ട് സംബന്ധിച്ച് ഹെൽത്ത് സ്ക്രീനിംഗ് റിപ്പോർട്ടിൽ പ്രത്യേകമായി പരാമർശിച്ചിട്ടില്ലെങ്കിലും ജയിൽ ഉദ്യോഗസ്ഥൻെറ നോട്ടത്തിൽ പ്രതിക്ക് ജയിലിൽ കഴിയാനുള്ള ശാരീരിക ക്ഷമതയില്ലെന്ന് (സ്വയം എണീറ്റ് നിൽക്കാനും നടക്കാനും സംസാരിക്കാനും കഴിയാത്ത അവസ്ഥ) ബോധ്യപ്പെട്ടാൽ പ്രതിയെ സമീപത്തെ ചികിത്സാസൗകര്യമുള്ള സർക്കാർ ആശുപത്രിയിൽ അയക്കേണ്ടതാണ്.

4. താരതമ്യേന ചികിത്സ സൗകര്യങ്ങൾ അപര്യാപ്തതയുള്ള സ്ഥലത്തെ ജയിലുകളിൽ രാത്രി വൈകി ജയിലിൽ പ്രവേശിപ്പിക്കപ്പെടുന്ന പ്രതികളുടെ അടിയന്തിര വിദഗ്ധ ചികിത്സ വേണ്ടി വന്നാൽ മേഖലാ ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ ഓഫ് പ്രിസൺസിൻെറ അനുവാദം വാങ്ങി സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിക്കുകയും തുടർന്ന് ഉയർന്ന നിലവാരമുള്ള സർക്കാർ ആശുപത്രിയിൽ അയക്കേണ്ടതും അക്കാര്യത്തിൽ വകുപ്പ് മേധാവിയുടെ അംഗീകാരം തേടേണ്ടതുമാണ്.

ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവീസസ്

സ്വീകർത്താവ്: എല്ലാ ജയിൽ സ്ഥാപന മേധാവികൾക്കും
ഡി.ഐ.ജി ദക്ഷിണ മേഖല / മദ്ധ്യ മേഖല / ഉത്തര മേഖല